LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രീമെട്രിക് ഹോസ്റ്റലുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷം 4.64 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കോളയാട് പെൺകുട്ടികൾക്കായുള്ള പ്രീ മെട്രിക് ഹോസ്റ്റലിൽ ആവശ്യമായ ശുചിമുറികൾ ഉണ്ട്. എന്നാൽ ടി ഹോസ്റ്റലിൽ അനുവദനീയമായ 60 കുട്ടികളിൽ കൂടുതൽ കുട്ടികൾക്ക് പ്രവേശനം നൽകുമ്പോൾ ശുചിമുറികൾ അപര്യാപ്തമായി വരുന്നു.

(സി) ഇല്ല.

(ഡി) ഈ ഹോസ്റ്റലിൽ അധികമായി ആവശ്യമായ ശുചിമുറികളുടെയും കുളിമുറികളുടെയും നിർമ്മാണത്തിനായി 8,50,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

അട്ടപ്പാടിയിലെ ആദിവാസി ശിശുമരണങ്ങൾ

275 (4266) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന പോഷകാഹാരക്കുറവ്, തൊഴിലിലായ്മ, പലതരം രോഗാവസ്ഥ എന്നിവ ഇല്ലായ്മ ചെയ്യുന്നതിന് പ്രത്യേക പാക്കേജുകൾ ഗവ. പ്രഖ്യാപിച്ചിട്ടും, അതൊന്നും ലക്ഷ്യത്തിലെത്താത്തത് എന്തുകൊണ്ടാണെന്ന് വിലയിരുത്തലുകൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ നിന്നും എന്താണ് വ്യക്തമായത്; വിശദമാക്കാമോ ;

(ബി) ആദിവാസിക്ഷേമപദ്ധതികൾ സമയബന്ധിതമായും ഫലപ്രദമായും ചെയ്തു തീർക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കിത്തുടങ്ങിയതോടെ ആദിവാസികൾക്കിടയിലുള്ള പോഷകാഹാരക്കുറവിനും പലതരം രോഗാവസ്ഥയ്ക്കും ഒരു പരിധിവരെ പരിഹാരം കാണുന്നതിന് സാധിച്ചിട്ടുണ്ട്. തൊഴിലില്ലായ്മ അടക്കമുള്ള പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചു എന്നും അതൊന്നും ലക്ഷ്യത്തിലെത്തിയില്ലെന്നുമുള്ള നിഗമനം തികച്ചും അടിസ്ഥാനരഹിതമാണ്.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക പദ്ധതികളും നിലവിലുള്ള മറ്റ് പട്ടികവർഗ്ഗ ക്ഷേമപദ്ധതികളും സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുന്നതിന് സർക്കാർ ഇതിനോടകം തന്നെ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രത്യേക പദ്ധതികളുടെ നിർവ്വഹണം പ്രത്യേക നോഡൽ ഓഫീസർ മുഖാന്തരമാണ് നടപ്പിലാക്കിവരുന്നത്. ഈ പദ്ധതികളെല്ലാം കറ്റെല്ലടി കാര്യക്ഷമമായി ഏകോപിപ്പിച്ച് ശരിയായ രീതിയിൽ നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സേവനം ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്. കൂടാതെ മേലിൽ എല്ലാ പദ്ധതികളും മോണിറ്ററിംഗ് ചെയ്യുന്നതിന് ജനപ്രതിനിധികൾ അടങ്ങുന്ന സമിതിക്ക് സർക്കാർ രൂപം നൽകിയിട്ടുമുണ്ട്.

അട്ടപ്പാടിയിലെ ശിശുമരണ നിർമ്മാർജ്ജന പരിപാടി

276 (4267) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ശിശുമരണം ഇല്ലാതാക്കാനുള്ള പാക്കേജ് എന്നാണ് പ്രഖ്യാപിച്ചത്; പാക്കേജിൽ എത്ര കോടി രൂകയാണ് സർക്കാർ പ്രഖ്യാപിച്ചത്; ഇതിന്റെ ഭാഗമായി ഏതെല്ലാം പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കിയത്; ഇപ്പോൾ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്;

(ബി) പാക്കേജ് പ്രഖ്യാപിച്ചതിനുശേഷം ഇതുവരെ ഏതെല്ലാം വിഭാഗങ്ങളിലായി എത്ര കോടി രൂപ ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പാക്കേജ് എപ്പോഴായിരുന്നു; ഇതിൽ എത്ര കോടി രൂപയാണ് പ്രഖ്യാപിച്ചത്; എതെല്ലാം വിഭാഗങ്ങളിലാണ് കേന്ദ്ര പാക്കേജ് നടപ്പിലാക്കിയത്; ഇതുവരെ ടി ഇനത്തിൽ കേന്ദ്രത്തിൽ നിന്ന് എത്ര കോടി രൂപ കിട്ടിയിട്ടുണ്ട് ;

(ഡി) കേന്ദ്ര പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഭരണതലത്തിൽ പരിശോധനാ സംവിധാനം നിലവിലുണ്ടോ; എങ്കിൽ ആരാണ് അതിന് നേതൃത്വം കൊടുത്തിരിക്കുന്നത് ?

ഉത്തരം

(എ) അട്ടപ്പാടിയിലെ ശിശുമരണം സംബന്ധിച്ച റിപ്പോർട്ടുകളെത്തുടർന്ന് 25-4-2013-ൽ പ്രത്യേക പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. നിശ്ചിത തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒരേസമയം പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ വിവിധ പദ്ധതികൾക്കായി വിവിധ വകുപ്പുകൾമുഖേന വിവിധ ഘട്ടങ്ങളിലായിട്ടാണ് തുക വകയിരുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly